ഉത്തരം

(എ) തടവുകാരുടെയും ജീവനക്കാരുടെയും അനുപാതം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവോ ജയിൽ ചട്ടമോ നിലവിലില്ല. എന്നാൽ ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (ബി.പി.ആർ.&ഡി.) തയ്യാറാക്കിയ മോഡൽ പ്രിസൺ മാന്വലിൽ ഒരു മാർഗ്ഗനിർദ്ദേശമായി 6:1 ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) മോഡൽ പ്രിസൺ മാന്വൽ പ്രകാരം 132 പേരുടെ കുറവുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) 334 പേർ.

പരോളിനുള്ള നടപടിക്രമങ്ങൾ

281 (2156) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരോളിലിറങ്ങിയിട്ട് ജയിലിൽ തിരിച്ചെത്താത്ത എത്ര പ്രതികളാണുള്ളത് ;

(ബി) ഇവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 58 തടവുകാർ.

(ബി) പരോൾ കാലാവധിക്കുശേഷം ജയിലുകളിൽ മടങ്ങിയെത്താത്ത തടവുകാരെക്കുറിച്ചുള്ള വിവരം ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയേയും പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെയും അറിയിക്കുകയും അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുവരുന്നു. കൂടാതെ സെൻട്രൽ ജയിലുകളിലെ തടവുകാർക്ക് പരോളിലിറങ്ങാൻ ജാമ്യം നിൽക്കുന്നവരിൽനിന്നും ജാമ്യത്തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചുവരുന്നു.

സ്കൂൾ കോളേജ് പാഠ്യ പദ്ധതിയിൽ വനം പരിസ്ഥിതി പഠനം ഉൾപ്പെടുത്തുവാൻ നടപടി

282 (2157) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി പഠനം സംബന്ധിച്ചുള്ള വിവരങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വനം വകുപ്പ് സമർദ്ദം ചെലുത്തുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനം, പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സ്കൂൾ കുട്ടികളിൽ അവബോധം വളർത്തുന്നതിൽ വകുപ്പ് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) വനം, പരിസ്ഥിതി പഠനം സംബന്ധിച്ച് ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകളും റിസർച്ച് സെന്ററുകളും കൂടുതലായി ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ) പരിസ്ഥിതി പഠനം സംബന്ധിച്ചുള്ള വിവരങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമാണ്. ഈ വിഷയം വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(ബി) സ്കൂൾ കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്റെ മരം, ഹരിതശ്രീ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിൽ ഇക്കോ കേഡറ്റ് പദ്ധതി, ഫോറസ്ട്രി ക്ലബ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള വിവിധതരം മത്സരങ്ങൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു വരുന്നു. ഇതിനുപുറമേ സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രകൃതി പഠന ക്യാമ്പും നടത്തി വരുന്നു.

(സി) വനം പരിസ്ഥിതി പഠനം സംബന്ധിച്ച് ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകളും റിസർച്ച് സെന്ററുകളും ആരംഭിക്കുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും യൂണിവേഴ്സിറ്റികളും തമ്മിൽ ആലോചിച്ചു തീരുമാനിക്കാവുന്നതാണ്.

ഹരിതശ്രീ പദ്ധതി

283 (2158) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പ് ഹരിതശ്രീ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly